ശാഹിന തയ്യിൽ

# നിർവചനം

പുഴ ചോദിച്ചു:
ഏറ്റവും അനശ്വരത
ഏതിനെന്ന്
തീരം പറഞ്ഞു
സ്വപ്നത്തിന്

ഹൃദയമുള്ളിടത്തോളം
സ്വപ്നത്തിന്
നിലനിൽക്കാനാവും.

പുഴ വീണ്ടും ചോദിച്ചു:
ഏറ്റവും അപാരത
ഏതിനെന്ന്
തീരം പറഞ്ഞു
സ്വപ്നത്തിന്

സമുദ്രത്തിന്റെ
അഗാധനീലിമയിലേക്ക്
ഊളിയിട്ടിറങ്ങാനും
ആകാശത്തിന്റെ
അനന്തവിശാലതയിലൂടെ
മേഞ്ഞുനടക്കാനും
സ്വപ്നത്തിനു കഴിയും.

പുഴ അവസാനമായി ചോദിച്ചു:
ഏറ്റവും നൈമിഷകത
ഏതിനെന്ന്
തീരം പറഞ്ഞു
സ്വപ്നത്തിന്

തീയിൽ കൊരുത്തതും
കരിഞ്ഞു വീഴാൻ
ഒരു നിമിഷം മതി.

■

ജോൺ സി. പാലത്തം

# വാർഷികം

അഭിനയം തുടരാം നമുക്കിനിയും
സ്ഥലകാലങ്ങൾക്കപ്പുറത്തിരുന്ന് ആരൊക്കെയോ
നിരീക്ഷിക്കുന്നുണ്ടീ നാട്യങ്ങളെന്ന് വെറുതെ ഭാവിക്കാം
നമ്മുടെ നുണകൾക്കുള്ളിൽ നീതിയുടെ അംശമുണ്ടെന്ന്
തത്ത്വശാസ്ത്രങ്ങളുപയോഗിച്ച് സമർഥിച്ച് നോക്കാം
നമുക്കിടയിൽ വളരുന്ന ശൂന്യതയെ പ്രണയമെന്ന് വിളിക്കാം
പണ്ട് പറഞ്ഞ വാഗ്ദാനങ്ങളൊക്കെയും മറന്നെന്നു നടിക്കാം
കണ്ണുകൾ പാലം തെറ്റി മറ്റാരെയും പിന്തുടരാറില്ലെന്നും
നമ്മുടെ മൗനങ്ങൾ അർഥപൂർണമാം
ആത്മീയ വേളകളാണെന്നും അഭിനയിക്കാം
നമ്മൾ വളരുകയാണൊടുവിൽ പക്വതയിലേക്ക്
നിന്റെയും എന്റെയും ഭാഷകൾ
പരസ്പരം മനസ്സിലാക്കാൻ കഴിയാത്ത വിധം.

■





ജുനൈസ വി.കെ

## ചോറുരുള

ഉരുട്ടിക്കൊടുത്തത്
സ്വപ്നം...
ചവച്ചിറക്കിയത്
ഭാവി...

## മഴയും മിന്നലും

നീ കരഞ്ഞു...
ഞാനൊന്ന് ചിരിച്ചു...
പിന്നെ നീ ചിരിച്ചു...
കരയാൻ ഞാനുണ്ടായില്ല...

## കടുക്

നീ
കാലനെ തെറി പറഞ്ഞ
ഹൃദയം പൊട്ടിമരിച്ച
വറവു ചട്ടിയിലെ രക്തസാക്ഷി...

## കുഴിയാന

യൗവനമോടിക്കളഞ്ഞത്
നീയരിച്ച വഴിയേ...
ഞാൻ കുഴിയിൽ മരിച്ചു...
നീ മരിച്ചു കുഴിച്ചു...

ബാപ്പു കൂട്ടിലങ്ങാടി

## മിന്നാമിനുങ്ങ്

വെയിൽ കാഞ്ഞ
അക്ഷരങ്ങൾക്ക്
രാത്രി
ചിറക് മുളച്ചത്!

സുലൈമാൻ കൂടല്ലൂർ

## മഴ

തമ്പലയിൽ തുടങ്ങി
മദ്ദളത്തിൽ തുടർന്നു
പെരുമ്പറയിൽ ഒതുങ്ങി.
ഭൂമിയിൽ ആണി തുളച്ചു
ആണി തുളയിൽ ജീവൻ മുളച്ചു.